**വോള്ഗോ ഗ്രാഡില് പൌരന്മാര്ക്കെതിരെ നടന്ന തീവ്രവാദി ആക്രമണത്തില് അനുശോചനം അറിയിച്ചു കൊണ്ട് റഷ്യന് പ്രസിഡണ്ടിന് പ്രധാനമന്ത്രി അയച്ച കത്ത്**

ഡിസംബര് 30, 2013

എക്സലന്സി,

വോള്ഗോഗ്രാഡ് നഗരത്തില് പൌരന്മാര്ക്കെതിരെ നടന്ന ഭീരുത്വം നിറഞ്ഞ തീവ്രവാദ ആക്രമണത്തെ കുറിച്ച് അറിഞ്ഞപ്പോള് എനിക്കു അതീവ കോപവും വേദനയും ഉണ്ടായി . ഈ ദാരുണമായ ആക്രമണത്തില് ജീവന് വെടിഞ്ഞവരോടും പരുക്കേറ്റവരോടുമുള്ള ഞങ്ങളുടെ ആഴമുള്ള അനുശോചനം ഇന്ത്യയിലെ ജനങ്ങള് , ഗവണ്മെന്റ്, എന്റെ വ്യക്തിപരമായ രീതിയില് ദയവായി സ്വീകരിക്കുക. ഈ ആക്രമണത്തില് ഇരകളായവരുടെ കുടുംബാംഗങ്ങള്ക്കൊപ്പം ഞങ്ങളുടെ പ്രാര്ഥനകളും. നിഷ്കളങ്കരായ പൌരന്മാര്ക്ക് എതിരെ നടന്ന ഈ തീവ്രവാദ ആക്രമണങ്ങളെ ഇന്ത്യ ശക്തമായി അപലപിക്കുന്നു . മനുഷ്യാവകാശങ്ങളുടെ ഗുരുതരമായ ലംഘനം ആണിത്. അതോടൊപ്പം മനുഷ്യനെതിരെ നടന്ന മനുഷ്യത്വ വിരുദ്ധ അതിക്രമവും . തീവ്രവാദത്തിന്റെ അതിക്രൂരമായ ഈ പ്രവര്ത്തിക്കെതിരെ റഷ്യയിലെ ജനങ്ങള്ക്കൊപ്പം ഞങ്ങളും ദൃഢചിത്തതയോടെ നില്ക്കുന്നു . എക്സലന്സി , വളരെ ഉയര്ന്ന പരിഗണനയോടെ ഞാന് നല്കുന്ന ഈ ഉറപ്പുകളെ ദയവായി സ്വീകരിക്കുക

മന്മോഹന് സിംഗ്

ഹിസ് എക്സലന്സി വ്ലാഡിമിര് വി. പുടിന്
പ്രസിഡണ്ട് , റഷ്യന് ഫെഡറേഷന്
മോസ്കോ